(ബി) സർക്കാരിന്റെ പുറംപോക്ക് സ്ഥലമോ ലോക്കൽ ബോഡിയുടെ സ്ഥലമോ കണ്ടെത്തി ഇത് പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഡ്രൈവിംഗ് ലൈസൻസ് കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി

101 (2814) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേണേഴ്സ് ലൈസൻസ് ലഭിച്ചിട്ടുള്ളവർ അപേക്ഷ നൽകി വളരെനാൾ കഴിഞ്ഞശേഷമാണ് ഇപ്പോൾ ഡ്രൈവിംഗ് ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാലതാമസം പരിഹരിക്കാനായി അപേക്ഷ നൽകിയശേഷം പരമാവധി ഒരു മാസത്തിനകം ടെസ്റ്റ് നടത്തി വിജയിക്കുന്നവർക്ക് അന്നുതന്നെ ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ആർ.ടി. ഓഫീസുകളിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്. 15-12-1999 മുതൽ ടെസ്റ്റ് പാസ്സാകുന്നവർക്ക് അപ്പോൾത്തന്നെ ലൈസൻസ് നൽകി വരുന്നുണ്ട്.

(സി ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഡ്രൈവിംഗ് ടെസ്റ്റിനുവേണ്ടിയുള്ള അപേക്ഷകൾ

102 (2815) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ടെസ്റ്റിനുവേണ്ടി എത്ര അപേക്ഷകരാണ് ഇപ്പോൾ ഉള്ളത് ;

(ബി) അപേക്ഷ സമർപ്പിച്ചശേഷം ടെസ്റ്റിനു വിളിക്കാനുള്ള കാലദൈർഘ്യം എത്രയാണ് ;

(സി) ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിനുവേണ്ടി എത്ര അപേക്ഷകരെ ആണ് ജില്ലാ ആഫീസുകളിലും ജോയിന്റ് ആർ.ടി. ഓഫീസുകളിലും ഓരോ ദിവസവും വിളിക്കുന്നത് ;

(ഡി) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് വേണ്ടി എത്ര ഉദ്യോഗസ്ഥരെ ആണ് ദിവസവും നിയോഗിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരളത്തിലെ ഡ്രൈവിംഗ് സ്കൂളുകളും വാഹനപുക പരിശോധന കേന്ദ്രങ്ങളും വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ ;

(എഫ്) എത്ര മാസത്തെ കാലയളവിലാണ് ഈ പരിശോധനകൾ നടത്തുന്നത് ;

(ജി) വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുവേണ്ടി എത്ര വാഹനങ്ങളാണ് ഓരോ ആർ.ടി. ഓഫീസുകളിലും ജോയിന്റ് ആർ.ടി ഓഫീസുകളിലും ഓരോ മാസവും വന്നുകൊണ്ടിരിക്കുന്നത് ;

(എച്ച്) ഫിറ്റ്നസ് ടെസ്റ്റ് സമയത്ത് ഒരു വാഹനം പരിശോധിക്കാൻ എത്ര സമയം എടുക്കും ; ഈ സമയത്ത് വാഹനത്തിന്റെ ഏതെല്ലാം സിസ്റ്റങ്ങളാണ് പരിശോധിക്കുന്നത് ;

(ഐ) മോട്ടോർ വാഹന വകുപ്പ് കംപ്യൂട്ടർവൽക്കരിക്കുന്നതിലൂടെ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ്, വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ്, പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ, മോട്ടോർ വാഹന നിയമലംഘന പരിശോധന തുടങ്ങിയ പരിശോധനകൾ എങ്ങനെ പരിഹരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 40

(ഡി) രണ്ട് ഉദ്യോഗസ്ഥരെ ഓരോ ടെസ്റ്റ് കേന്ദ്രങ്ങളിലും ദിവസവും നിയോഗിക്കാറുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ക്ലിപ്തമായ കാലയളവ് നിഷ്കർഷിച്ചിട്ടില്ല.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എച്ച്) ഒരു വാഹനം പരിശോധിക്കുവാൻ ശരാശരി 30 മിനിട്ട് വേണം. എൻജിൻ, ബ്രേക്ക് സിസ്റ്റം, ഇലക്ട്രിക്കൽ സിസ്റ്റം, സ്റ്റിയറിംഗ്, ട്രാൻസ്മിഷൻ, പെയിന്റ്, അപ്ഹോൾസറി എന്നിവയും വാഹനത്തിന്റെ മൊത്തത്തിലുള്ള കണ്ടീഷൻ മനസ്സിലാക്കുന്നതിന് ഓടിച്ച് നോക്കാറുമുണ്ട്.

(ഐ) മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കി, അപേക്ഷകൻ ടെസ്റ്റ് പാസ്സാകുന്ന അന്നുതന്നെ കമ്പ്യൂട്ടർ സഹായത്താൽ സ്മാർട്ട് ചിപ് കാർഡ് രൂപത്തിൽ ലൈസൻസ് നൽകാവുന്നതാണ്. വാഹനങ്ങളുടെ രജിസ്ട്രേഷനും കമ്പ്യൂട്ടർവൽക്കരണം വഴി അപേക്ഷ ലഭിച്ച അന്നേ ദിവസം തന്നെ നൽകുവാൻ കഴിയുന്നതാണ്. കൂടാതെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള ബുക്ക് ഫോമിനുപകരം ആധുനിക കാർഡ് രൂപത്തിൽ നൽകുന്നതാണ്. വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് നടത്തി, കമ്പ്യൂട്ടർ സഹായത്താൽ സർട്ടിഫിക്കറ്റ് അന്നുതന്നെ നൽകുന്നതാണ്. ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് ചിപ്പ്കാർഡ് രൂപത്തിൽ നിലവിൽ വരുന്നതോടുകൂടി വാഹന നിയമ ലംഘന പരിശോധന സുഗമമാക്കിത്തീർക്കാൻ കഴിയുന്നതും നിയമ ലംഘകരുടെ വിവരങ്ങൾ സ്മാർട്ട് ചിപ്പ് കാർഡിൽ രേഖപ്പെടുത്താവുന്നതും വളരെ വേഗത്തിൽ കുറ്റക്കാരെ കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ലേണേഴ്സ് ലൈസൻസ് ടെസ്റ്റ്

103 (2816) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് നടത്തുന്നത് ;

(ബി) ഇത് എല്ലാ താലൂക്കുകളിലും നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ടെസ്റ്റ് നടത്തിക്കൊണ്ടിരിക്കുന്ന സ്കൂളിലെ അസൗകര്യം കൊണ്ടും ടെസ്റ്റ് നടത്തുന്നതിനുള്ള സ്ഥലം പെട്ടെന്ന് മാറ്റുന്നതുകൊണ്ടും പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും പരിധിക്കുള്ളിൽ വരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ ലേണേഴ്സ് ടെസ്റ്റ് നടത്തുന്നുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന എല്ലാ താലൂക്കുകളിലും ഇപ്പോൾ ലേണേഴ്സ് ടെസ്റ്റ് നടത്തി വരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ലേണേഴ്സ് ടെസ്റ്റ് നടത്തുവാൻ ഇപ്പോൾ നിവൃത്തിയില്ല.

(സി) ഉണ്ട്.

(ഡി) അനുയോജ്യമായ സ്ഥലം കണ്ടുപിടിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly